# പതിമൂന്നാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. T 1449**      **03.12.2015- ൽ മറുപടിക്ക്**

## കോഴിക്കോട്-തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കോടിയേരി ബാലകൃഷ്ണൻ** | | **ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പുമന്ത്രി)** | |
| (എ) | കോഴിക്കോട് - തിരുവനന്തപുരം ലൈറ്റ്മെട്രോ പദ്ധതിക്ക് തത്വത്തിൽ അനുമതിയും പങ്കാളിത്തവും തേടി സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിനു എത്ര കത്തുകൾ അയച്ചിട്ടുണ്ട്; ഇതിനകം അയച്ച കത്തുകളുടെ ഓരോ പകർപ്പ് സഭയുടെ മേശപ്പുറത്ത് വയ്ക്കാമോ; | (എ) | തിരുവനന്തപുരം - കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരവും പങ്കാളിത്തവും തേടുന്നതിനായി കേന്ദ്ര നഗര വികസന മന്ത്രാലയത്തിലേക്ക് സർക്കാരിൽ നിന്ന് 4 കത്തുകൾ (12.08.2015, 11.09.2015, 21.10.2015, 27.10.2015 എന്നീ തീയതികളിൽ) അയച്ചിട്ടുണ്ട്. കൂടാതെ ബഹു. മുഖ്യമന്ത്രി, ബഹു. കേന്ദ്ര നഗര വികസന വകുപ്പ് മന്ത്രിക്ക് ഇതേ വിഷയത്തിൽ 2 കത്തുകളും (13.08.2015, 16.09.2015 എന്നീ തീയതികളിൽ) അയച്ചിട്ടുണ്ട്. പ്രസ്തുത കത്തുകളുടെ പകർപ്പുകൾ സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിനായി അനുബന്ധമായി (I-VI) ചേർത്തിരിക്കുന്നു. |
| (ബി) | കേന്ദ്ര ഗവൺമെന്റിൽ നിന്ന് ഏറ്റവും ഒടുവിൽ ലഭിച്ച മറുപടിയുടെ ഒരു പകർപ്പ് സഭയുടെ മേശപ്പുറത്ത് വയ്ക്കാമോ; | (ബി) | കേന്ദ്ര സർക്കാരിൽ നിന്ന് ഇതുവരെ മറുപടിയൊന്നും ലഭിച്ചിട്ടില്ല. |
| (സി) | പദ്ധതിയുടെ പൂർണ്ണ തോതിലുള്ള കൺസൽട്ടൻസിക്ക് ഡി.എം.ആർ. സി -യെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഡി.എം.ആർ.സി. യുടെ റോൾ നിലവിൽ എന്താണെന്ന് വ്യക്തമാക്കുമോ ? | (സി) | ഇല്ല. ബാധകമല്ല. |
| (ഡി) | രണ്ട് പദ്ധതികളും കേന്ദ്ര - സംസ്ഥാന സർക്കാരുകളുടെ സംയുക്ത പങ്കാളിത്തത്തിലാണോ എന്നും പദ്ധതി രൂപരേഖയനുസരിച്ച് സംസ്ഥാനം കണ്ടെത്തേണ്ടുന്ന മൊത്തം തുകയും ഈ വർഷത്തെ ബഡ്ജറ്റിൽ പദ്ധതിക്ക് വകയിരുത്തപ്പെട്ട തുകയും എത്രയാണെന്നും വിശദമാക്കുമോ ? | (ഡി) | രണ്ടു പദ്ധതികളും കേന്ദ്ര - സംസ്ഥാന സർക്കാരുകളുടെ സംയുക്ത പങ്കാളിത്തത്തിലാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. പദ്ധതിക്കായി സംസ്ഥാനം കണ്ടെത്തേണ്ട മൊത്തം തുക 1619 കോടി രൂപയാണ്. സംസ്ഥാന സർക്കാർ 2015-16 ബഡ്ജറ്റിൽ തിരുവനന്തപുരം - കോഴിക്കോട് ലൈറ്റ്മെട്രോ പദ്ധതിക്കായി ടോക്കൺ പ്രൊവിഷനായി ഒരു ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. അധികമായി വേണ്ടി വരുന്ന തുക, "മേജർ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് പ്രോജക്ട്സ്" എന്ന പുതിയ ശീർഷകത്തിൽ നിന്നും ലഭ്യമാക്കുന്നതാണ്. |

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**

സെക്ഷൻ ഓഫീസർ